കൂടി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം കിട്ടിയിട്ടില്ല.

(ബി) കേന്ദ്രഗവൺമെൻറുമായി കത്തു മുഖാന്തിരവും ചർച്ചകൾ മുഖേനയും അനുമതിക്കായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തുകൾ

1567. [2335] ശ്രീ. സി.ടി കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര പഞ്ചായത്തുകളുണ്ട് ;

(ബി) ഓരോ ഗ്രേഡിലുമുള്ള പഞ്ചായത്തുകൾ എത്ര ;

(സി) 1985-86-ൽ പഞ്ചായത്തുകൾക്കായി ആകെ എത്ര തുക സാമ്പത്തികസഹായമായി സർക്കാർ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 1001 പഞ്ചായത്തുകൾ.

(ബി)

സ്പെഷ്യൽ ഗ്രേഡ്	350
ഒന്നാം ഗ്രേഡ്	435
രണ്ടാം ഗ്രേഡ്	202
മൂന്നാം ഗ്രേഡ്	14

(സി) വിവരം ശേഖരിച്ചു വരുന്നു.

പഞ്ചായത്ത് ഫണ്ടിൻെറ ദുർവിനിയോഗം

1568. [2336] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് മേധാവികളുടെ ഫണ്ട് ദുർവിനിയോഗത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) തൃശ്ശൂർ കേന്ദ്രമാക്കിയിട്ടുള്ള പഞ്ചായത്ത് ട്രെയിനിംഗ് സെൻറിനുവേണ്ടി എല്ലാ പഞ്ചായത്തുകളും 10,000 രൂപ വീതം നല്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ടോ ;

(സി) റൂറൽ വെൽഫെയർ സംഘത്തിനുവേണ്ടി 5,000 രൂപ വീതം എല്ലാ പഞ്ചായത്തുകളും നല്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ ;

(ഡി) പഞ്ചായത്ത് സമിതിക്കുവേണ്ടി 125 രൂപ വീതം എല്ലാ പഞ്ചായത്തുകളും പിരിച്ച് നല്കണമെന്നുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

(ഇ) പഞ്ചായത്തു മേധാവികളുടെ പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം നിറുത്തൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ മാത്രമേ 10,000 രൂപ വീതം സംഭാവന നല്കുവാൻ ഉത്തരവ് നല്കിയിട്ടുള്ളു.

(സി) 5,000 രൂപ വീതം നൽകിക്കൊണ്ട് സംഘത്തിൽ അംഗങ്ങളായി ചേരുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) മേൽപ്പറഞ്ഞ ഫണ്ട് വിനിയോഗങ്ങളെല്ലാം ഗവൺമെൻറ് ഉത്തരവ് അനുസരിച്ചാണ് ചെയ്തിട്ടുള്ളത്.

പഞ്ചായത്തുകൾക്ക് 1986-87-ൽ അനുവദിച്ച ഗ്രാൻറ്

1569. [2337] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഏതെങ്കിലും ഗ്രാൻറുകൾ വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ ഗ്രാൻറ് ലഭിച്ച പഞ്ചായത്തുകളുടെ ജില്ലാ ടിസ്ഥാനത്തിലുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാൻറ് അനുവദിച്ചതിൻെറ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്. † പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി വരുന്നു.

പഞ്ചായത്തുകൾക്ക് അനുവദിച്ച സ്പെഷ്യൽ ഗ്രാൻറ്

1570. [2338] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1985-86, 1986-87 എന്നീ വർഷങ്ങളിൽ പഞ്ചായത്തുകൾക്ക് അനുവദിച്ച സ്പെഷ്യൽ ഗ്രാൻറിൻെറ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

1985-86-ൽ നൽകിയ സ്പെഷ്യൽ ഗ്രാൻറിൻെറ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്. ‡

1986-87-ൽ സ്പെഷ്യൽ ഗ്രാൻറ് ഇതുവരെ നല്കിയിട്ടില്ല.

കരകുളം പഞ്ചായത്തിന് 1985-86-ൽ അനുവദിച്ച മൊത്തം ഗ്രാൻറ്

1571. [2339] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) നെടുമങ്ങാട് മണ്ഡലത്തിലെ കരകുളം പഞ്ചായത്തിന് 1985-86 സാമ്പത്തിക വർഷത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ച മൊത്തം ഗ്രാൻറ് എത്ര ;

(ബി) ഏതെല്ലാം ഇനങ്ങളിൽ എത്ര രൂപ വീതം ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം VI

‡ അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly